ശ്രീ. ആർ. ശങ്കർ : ഇതിനെ സംബന്ധിച്ച് ഈ സെഷനിൽ തന്നെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. വ്യക്തമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ലൂകൾ അനുവദിക്കുന്നത്. സാധാരണ നിലയിൽ, സ്ലൂകളുടെ ആവശ്യം അതാതു സ്ഥലത്തുണ്ടോ എന്നുള്ളതാണ് പ്രധാന പരിഗണന. അതു കഴിഞ്ഞ് മാനേജ്മെന്റു സ്ലൂകളാണെങ്കിൽ, സ്ലൂം നടത്താൻ മാനേജ്മെന്റിനു് കഴിവുണ്ടോ എന്നു നോക്കും. ഓരോ സ്ഥലത്തും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു സർവ്വേ നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും സ്ലൂകൾ അനുവദിക്കുന്നതിൽ ചില നിയന്ത്രണം വച്ചിട്ടുണ്ട്.

(Question No. 7 was not put as the Member was not in his seat.)

ഫൈട്ടോ കെമിക്കൽസ് ഫാക്ടറി

* 269. [8] ശ്രീ. പി. വിശ്വംഭരൻ † : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേരിയമംഗലത്തെ ഫൈട്ടോ കെമിക്കൽസ് ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുവാൻ സാദ്ധ്യതയുണ്ടോ ;

(ബി) തേയിലകൊഴുന്നിന്റെയും ചണ്ടിയുടെയും വില പൊട്ടുന്നതവെ വളരെയധികം വർദ്ധിപ്പിച്ചതാണോ ഈ പദ്ധതി നിറുത്തിവയ്ക്കുവാൻ കാരണം;

(സി) എങ്കിൽ അങ്ങനെ ക്രമാതീതമായി വില വർദ്ധിപ്പിക്കുന്നതു തടയുവാൻ ഗവണ്മെന്റു് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) നേരിയമംഗലത്തെ ഫൈട്ടോ കെമിക്കൽസ് ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുവാൻ സാദ്ധ്യതയുണ്ടോ എന്നു ഇൻഡ്യാഗവണ്മെന്റിനോടു് അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

(ബി) തേയിലകൊഴുന്നിന്റെയും ചണ്ടിയുടേയും വില പൊട്ടുന്നതവെ വളരെയധികം വർദ്ധിപ്പിച്ചതാണു് ഈ പദ്ധതി നിറുത്തിവയ്ക്കുവാൻ കാരണമെന്നു പറയുന്നതു ശരിയല്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ പദ്ധതിയുടെ ആരംഭിക്കലും മുടങ്ങലും ഇതു എത്രാമത്തെ തവണയാണു്.

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇതുവരെ ആരംഭിച്ചിട്ടില്ലാത്തതുകൊണ്ടു് ആരംഭം തന്നെ മുടങ്ങലിലാണു്.

ശ്രീ. സി. അച്യുതമേനോൻ : ഈ ഫാക്ടറിയെ സംബന്ധിച്ചും, അതിന്റെ ആലോചനയെ സംബന്ധിച്ചും ഈ നിയമസഭയിൽത്തന്നെ മൂന്നാലു കൊല്ലമായി തുടർച്ചയായി ചോദ്യം വരികയാണു്. ഇതിനകം ഇതേ സംബന്ധിച്ചു എന്തെങ്കിലും തീരുമാനം എടുക്കുവാൻ കഴിയാതെ വന്നതു എന്തുകൊണ്ടാണു്? ഒന്നുകിൽ നടക്കുമെന്നു തീരുമാനിക്കുക, അല്ലെങ്കിൽ നടക്കാൻ സാദ്ധ്യതയില്ല എന്നു തീരുമാനിക്കുക. ഈ ചോദ്യത്തിനുതന്നെ ഗവണ്മെന്റു പണം ചെലവാക്കുന്നതു കഷ്ടമാണു്, അതുകൊണ്ടു് ഏതെങ്കിലും ഒരു ഉറച്ച തീരുമാനമെടുക്കുമോ?

† Put by Shri K. R. Vijayan.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ: ഈ പദ്ധതി സെൻട്രൽഗവണ്മെൻറിന്റെ പദ്ധതിയാണു്. ഈ ഗവണ്മെൻറു് കൂടക്കൂടെ സെൻട്രൽ ഗവണ്മെൻറി ലേയ്ക്കു് എഴുതി ചോദിക്കാറുണ്ടു്. അടുത്ത കാലത്തും എഴുതി ചോദിച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒന്നുകിൽ ഇതു നടക്കും, അല്ലെങ്കിൽ ഇതു നടക്കുകയില്ല എന്നു വ്യക്തമായിട്ടു പറയണമെന്നും ഇതു ഇങ്ങനെ വച്ചു കൊണ്ടിരിക്കുന്നതു് ശരിയല്ല എന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. അവസാനത്തെ കത്തിനു ഇതേവരെ മറുപടി ലഭിച്ചിട്ടില്ല. ഇതുവരെ അറിഞ്ഞതിൽ നിന്നും മനസ്സിലാക്കുന്നതു് ഈ പദ്ധതി പരിഷ്ക്കരിച്ചു് നടത്താൻ കഴിയുമോ എന്നു ഒരു സോവിയറ്റു് വിദഗ്ദ്ധനുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നാണു്.

ശ്രീ. കെ. എം. ജോർജ്ജു് : ഈ ഫാക്ടറിക്കുവേണ്ടി വളരെയധികം ഏക്കർ സ്ഥലത്തു സർപ്പഗന്ധി കൃഷി ചെയ്തിട്ടുണ്ടു്. ആ കൃഷിയുടെ കാര്യത്തിൽ എന്തു മുടക്കുമുതൽ ആയിട്ടുണ്ടു് ? ഇപ്പോഴത്തെ അതിന്റെ സ്ഥിതി എങ്ങനെ ഇരിക്കുന്നു ?

ശ്രീ. ഈ. പി. പൗലോസു് : നാനൂറു ഏക്കർ സ്ഥലത്തു കൃഷിചെയ്തിട്ടുണ്ടു്. അതു കുറച്ചുകൂടി വർദ്ധിപ്പിക്കുന്നതിനു സാധിക്കും. ഒരു പക്ഷേ ഫാക്ടറി വന്നില്ലെങ്കിലും ആദായകരമായി കൃഷി ചെയ്യുന്നതിനു ഗവണ്മെൻറിനുതന്നെ സാധിക്കുമെന്നാണു് ഇന്നത്തെ വില നിലവാരംകൊണ്ടും കണക്കുകൂട്ടൽ കൊണ്ടും കാണുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ : നേര്യമംഗലത്തെ ഫാക്ടറിക്കുവേണ്ടി സ്ഥലം എടുക്കുന്നതിലേക്കു് ഇൻഡ്യാഗവണ്മെൻറിന്റെ ആയാലും സംസ്ഥാന ഗവണ്മെൻറിന്റെ ആയാലും എന്തെങ്കിലും സംഖ്യ ചെലവാക്കിയിട്ടുണ്ടോ ? ഇതിലേയ്ക്കു് ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചിരുന്നുവോ ? നേരിയമംഗലം ഫാക്ടറിയെ സംബന്ധിച്ചിടത്തോളം സർക്കാർ ഖജനാവിൽനിന്നും യാതൊന്നും ചെലവായിട്ടില്ല എന്ന അർത്ഥത്തിലാണോ ഈ ഫാക്ടറി തുടങ്ങിയിട്ടില്ല എന്നു പറഞ്ഞതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ അർത്ഥത്തിലല്ല. പതിനേഴലക്ഷത്തോളം രൂപ ആ ഇനത്തിൽ ചെലവാക്കിയിട്ടുണ്ടു്.

അൺഎയ്ഡഡ് സ്കൂളിലെ ട്യൂഷൻഫീസ്

* 270. [9] ശ്രീ. എസ്സു്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിലെ അൺഎയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കു് നിശ്ചയിച്ചിട്ടുള്ള ട്യൂഷൻഫീസ് വർദ്ധിപ്പിക്കാൻ നടപടികളും സ്വീകരിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി) സ്റ്റേറിൽ അൺ എയ്ഡഡ്സ്കൂളുകൾതുടങ്ങുന്നതിനു പ്രോത്സാഹനം നൽകുന്നതിനു ഇപ്പോഴത്തെ നിലവിലിരിക്കുന്ന ഫീസുകൊണ്ടുമാത്രം വിഷമമാണെന്നു കണ്ടിട്ടുണ്ടു്.

ശ്രീ. എസ്. കുമാരൻ : ഫീസ് കൂട്ടുന്നതിന്റെ നിരക്കു് നിശ്ചയിച്ചിട്ടുണ്ടോ ? അതിലേയ്ക്കു മാനേജരന്മാർക്കു് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ നിശ്ചയിച്ചു നിർദ്ദേശമൊന്നും കൊടുത്തിട്ടില്ല. പ്രോത്സാഹനം കൊടുക്കുന്നതിനുള്ള അവരുടെ നിർദ്ദേശങ്ങളും പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly